കേരള സർക്കാർ

ജലവിഭവ വകുപ്പ്

ചെറുകിട ജലസേചന ഉപവിഭാഗം, മഞ്ചേശ്വരം (കാസറഗോഡ് ജില്ല)

# പുനർ ദർഘാസ് പരസ്യം

നമ്പർ: ഡി– ടെൻഡർ/2017-18

തിയ്യതി: 06.03.2018

കേരള ഗവർണ്ണർക്കുവേണ്ടി കാസറഗോഡ് ചെറുകിട ജലസേചന ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്കുവേണ്ടി നിർദ്ദിഷ്ട യോഗ്യതയുള്ള കരാറുകാരിൽ നിന്നും മൽസര സ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചു കൊള്ളുന്നു.

ദർഘാസുകൾ രജിസ്റ്റേർഡ് തപാല്‍ , സ്പീഡ് പോസ്റ്റ് എന്നിവ വഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസിൽ അയക്കുന്നതോ നേരിട്ട് നൽകുന്നതോ ആയ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാൽ തകരാറു മൂലമോ മറ്റോ കാലതാമസം വന്നാൽ ഡിപ്പാർട്ട്മെന്റ് യാതൊരു വിധ ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ദർഘാസിന്റെ കാലാവധി അത് സ്വീകരിക്കുന്ന അവസാന തിയ്യതി മുതൽ 1(ഒന്ന്) മാസമായിരിക്കും.

ക്രമ നമ്പർ, ദർഘാസ് നമ്പർ, പ്രവൃത്തിയുടെ പേര്, അടങ്കൽ തുക, നിരത ദ്രവ്യം, ടെണ്ടർ ഫോറം വില, കരാറുകാരന്റെ യോഗ്യത ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതി, പ്രവൃത്തി തീർക്കേണ്ട കാലാവധി എന്നിവ ക്രമത്തില്‍ .

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക(രൂപ) | നിരത ദ്രവ്യം(രൂപ) | ദർഘാസ് പ്രമാണത്തിന്റെ വില (രൂപ) | കരാറുകാരന്റെ യോഗ്യത | ദർഘാസ് സ്വീകരിക്കുന്ന അവസാന തിയ്യതിയും സമയവും | പ്രവൃത്തി തീർക്കേണ്ട കാലാവധി |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 19/2017-18 | കാസറഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ ഷിറിയ പുഴയിലെ ബംമ്പ്രാണ അണക്കെട്ടിന്റെ മുകൾ ഭാഗത്തുള്ള താൽക്കാലിക തടയണ നിർമ്മാണം 2017-18 | 1,00,000 | 2,500 | 500+GST | ഡിയും മുകളിലും | 15-03-2018, 3 മണി | 1 മാസം |

പ്രവൃത്തികളുടെ ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ കാര്യാലയത്തിൽ നിന്നും 08-03-2018 മുതൽ 12-03-2018 ഉച്ചക്ക് ഒരു മണി വരെ ദർഘാസ് ഫോറത്തിന്റെ വില മണിയോർഡറായോ രൊക്കം പണമായോ അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. പ്രവൃത്തികളുടെ ദർഘാസ് 15-03-2018 ന് വൈകുന്നേരം 3.00 (മൂന്ന്) മണി വരെ മാത്രമേ സ്വീകരിക്കുകയുള്ളൂ. പ്രവൃത്തികളുടെ ദർഘാസുകൾ 15-03-2018 ന് വൈകുന്നേരം 3.30 മണിക്കു സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥനോ തുറക്കുന്നതായിരിക്കും. മുകളിൽ പറഞ്ഞ ഏതെങ്കിലും ദിവസം സർക്കാർ അവധി പ്രഖ്യാപിക്കുകയാണെങ്കിൽ അതിനു തൊട്ട് പിന്നീടുള്ള പ്രവൃത്തി ദിവസം ടി സമയത്ത് ടി ദർഘാസുകൾ നടത്തുന്നതാണ്.

ദർഘാസ് പ്രമാണങ്ങൾ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. ആവശ്യമായ നിരത-ദ്രവ്യം ഇല്ലാത്തതും, പ്രാഥമിക ഉടമ്പടി 200/- രൂപയുടെ മുദ്രപത്രത്തിൽ അച്ചടിച്ചിട്ടില്ലാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസിൻറ കൂടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈസൻസ്, പാൻകാർഡ് എന്നിവയുടെ ശരിപ്പകർപ്പും കൂടി നൽകേണ്ടതാണ്.

ദർഘാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ (ലേബർ കോൺട്രാക്ട് സൊസൈറ്റി ഉൾപ്പെടെ) അവരുടെ റജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻറ ഒറിജിനൽ ഹാജരാക്കേണ്ടതാണ്. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ ഈ സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിരിക്കുന്ന പണികളുടെ വിശദ വിവരവും അതിൻറ ആകെ അടങ്കൽ തുകയുടെ സർട്ടിഫിക്കറ്റും അതാത് റജിസ്ട്രാറിൽ നിന്നും വാങ്ങി ദർഘാസ് ഫോറത്തിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

1989ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 9(2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ നിർമ്മാണതുകയുടെ മൊത്തം ഒരു ശതമാനം കേരള നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് ബില്ലിൽ നിന്ന് കൊടുക്കേണ്ടതാണ്. കൂടാതെ കാലകാലങ്ങളിൽ മാറ്റം വരുത്തുന്ന നിരക്കനുസരിച്ച് ബില്ലിൽ നിന്ന് നൽകേണ്ടതാണ്. കൂടാതെ സർക്കാർ അനുശാസിക്കുന്ന നികുതികളും ബില്ലിൽ നിന്ന് ഈടാക്കുന്നതാണ്. കരാർ ഉടമ്പടിക്ക് സെലക്ഷൻ നോട്ടീസ് നൽകിയാൽ നിശ്ചിത കാലാവധിക്കുള്ളിൽ കരാർ ഉടമ്പടി വെച്ച് ടി പ്രവൃത്തികൾ സമയ പരിധിക്കുള്ളിൽ ചെയ്തു തീർക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

കേരള ജലവിഭവ വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.

കെ.എൻ.സുധനൻ

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

(കേരളാ ഗവർണർക്കു വേണ്ടി)

Office of the Assistant Executive Engineer Irrig. Dept. Minor Irrigation ... on, Manjeshwar KASARAGOD-671 323 Date........

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,

ചെറുകിട ജലസേചന ഉപവിഭാഗം,

മഞ്ചേശ്വരം.

പകർപ്പ്:

1 സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.ഐ.സർക്കിൾ കോഴിക്കോടിന് സമർപ്പിക്കുന്നു.

2 അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ.സബ് ഡിവിഷൻ,കാസറഗോഡ്/കാഞ്ഞങ്ങാട്

3 എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.ഐ. ഡിവിഷൻ, കാസറഗോഡ്

4 പേഴ്സണൽ അസിസ്റ്റൻറ്/ഡിവിഷണൽ അക്കൌണ്ടൻറ്/ജൂനിയർ സൂപ്രണ്ടൻറ്(എസ്റ്റാബ്ലിഷ്മെൻറ്) (അക്കൌണ്ട്സ്)

5 നോട്ടീസ് ബോർഡ്

6 ഫയൽ